മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ അപര്യാപ്തത

118 (2218) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മോട്ടോർ വാഹനവകുപ്പിലെ ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി പി.ആന്റ് എ.ആർ.ഡി. സമർപ്പിച്ച വർക്ക് സ്റ്റഡി റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത റിപ്പോർട്ടിൻമേൽ സ്വീകരിച്ചിട്ടുള്ള അന്തര നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) എ-1/3864/റ്റി.സി. 2008 നമ്പർ ഫയലിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനം വെളിപ്പെടുത്തുമോ ;

(ഡി) റൂറൽ ആഫീസുകൾ ഇല്ലാത്ത കൊല്ലം, തൃശ്ശൂർ കോർപ്പറേഷനുകൾക്കു വേണ്ടി കൊട്ടാരക്കരയിലും ഇരിങ്ങാലക്കുടയിലും റൂറൽ ആർ.റ്റി. ഓഫീസ് ആരംഭിക്കണമെന്ന നിയമസഭാ സബ്ജക്ട് കമ്മിറ്റി ശിപാർശയിൻമേൽ കൈക്കൊണ്ടിട്ടുള്ള അനന്തരനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മോട്ടോർ വാഹനവകുപ്പിൽ താഴെപ്പറയുന്ന 236 പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന് പി.&എ.ആർ.ഡി. യുടെ 2008-ലെ വർക്ക് സ്റ്റഡി റിപ്പോർട്ടിൽ ശിപാർശ ചെയ്തു.

ഇന്റേണൽ ഓഡിറ്റ് ഓഫീസർ	- 1
ജോയിന്റ് ആർ.ടി.ഒ.	- 1
സീനിയർ അക്കൗണ്ട്സ് ഓഫീസർ	- 4
മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ	- 25
സീനിയർ സൂപ്രണ്ട്	- 1
ജൂനിയർ സൂപ്രണ്ട്	- 10
അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ	- 71
ഹെഡ് അക്കൗണ്ടന്റ്/ഹെഡ് ക്ലാർക്ക്/പി.ആർ.ഒ	- 5
ലോവർ ഡിവിഷൻ ക്ലാർക്ക്/അപ്പർ ഡിവിഷൻ ക്ലാർക്ക്	- 57
ഗാർഡ്	- 57
പ്യൂൺ	- 3
പാർട്ട് ടൈം സ്വീപ്പർ	- 1
ആകെ	236

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) കൊല്ലം ജില്ലയിൽ, കൊട്ടാരക്കരയിലും തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിലും ഓരോ റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ തുടങ്ങുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും തൽക്കാലം തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിലും കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലും ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ഉൾപ്പെടെ 5 പുതിയ സബ് ആർ.ടി.ഒ. ഓഫീസുകൾ അനുവദിച്ചുകൊണ്ട് 13-12-2010-ൽ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

ജലഗതാഗത വകുപ്പിലെ ലാസ്കർ തസ്തികയിലെ നിയമനം

119 (2219) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിലെ ലാസ്കർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നറിയിക്കുമോ ; പി.എസ്.സി. യുടെ പുതിയ ലാസ്കർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് അഡ്വൈസ് മെമ്മോ നൽകി എന്നും ഇതിൽ എത്രപേർ ജോലിയിൽ പ്രവേശിച്ചുവെന്നും അറിയിക്കുമോ ;

(ബി) മെമ്മോയും നിയമന ഉത്തരവും അയച്ചിട്ടും ജോലിക്ക് ഹാജരാകാത്ത എത്ര പേരുണ്ട് ; ഹാജരാകാത്തതുമൂലം ഉള്ള ഒഴിവുകൾ പി.എസ്.സി. യെ യഥാസമയം അറിയിച്ചിട്ടുണ്ടോ ;

(സി) ഇപ്രകാരം അറിയിപ്പ് നൽകിയതിന്റെ കത്ത് നമ്പരും തീയതിയും വ്യക്തമാക്കുമോ ; ഇപ്രകാരമുണ്ടായ എൻ.ജെ.ഡി. ഒഴിവുകളിലേക്ക് പി.എസ്.സി. അറിയാതെ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ;

(ഡി) ബോട്ട് ലാസ്കർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചശേഷം മറ്റ് ജോലികൾ ലഭിച്ച് ജലഗതാഗത വകുപ്പിൽ നിന്നും വിട്ടുപോയവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഈ ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്താൻ അടിയന്തരനടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ;

(ഇ) 2011 മാർച്ചിൽ വിരമിക്കുന്നവരുടെ ഒഴിവുകളിലേക്കും എ.എൻ.ജെ.ഡി. ഒഴിവുകളിലേക്കും പുതിയ ലാസ്കർമാരെ നിയമിക്കുവാൻ പി.എസ്.സി. ആവശ്യപ്പെട്ട ക്ലാരിഫിക്കേഷൻ റിപ്പോർട്ട് ജലഗതാഗത വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നിന്നും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ബോട്ട് ലാസ്കർ തസ്തികയിൽ ഇനിയും ഒഴിവുള്ള എല്ലാ തസ്തികകളിലും അടിയന്തരമായി നിയമനം നടത്താൻ ഉത്തരവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly